V. ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

(1) 2003 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (പി) 97/03/കോ-ഓപ്പറേഷൻ (എസ്. ആർ. ഒ. നമ്പർ 326/2003) മുഖേന പുറപ്പെടുവിച്ച 2003-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. In Rule 1 of the Kerala Co-operative Societies Amendment Rules, 2003. (S. R. O. No. 326/2003), for the existing sub-rule (2), substitute the following, namely:—

(2) It shall come into force from the 1st day of August 2003.

2. In the amendment proposed to Rule 35 A, by item (iii) of Rule 2 (1), delete the words "as the voter".

3. Sub-rule (2) of Rule 2 shall be deleted.

Subordinate Legislation—Laying of regulation, rule, etc. on the Table. 166-ഉം 167-ഉം 168-ഉം സർ ശ്രദ്ധിക്കുമല്ലോ. 167-ൽ The speaker shall in consultation with the Leader of the House, fix a day or days or part of a day as he may think fit .....

മി. സ്പീക്കർ: No, No. Nothing will do , you can move.

ശ്രീ. എ. കെ. ബാലൻ: ഈ സഭയിൽ സമർപ്പിച്ച 2003-ലെ 326-ാം നമ്പർ എസ്. ആർ. ഒ.-യിൽ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതിയാണ് ഞാൻ മൂവ് ചെയ്യുന്നത്. അതോടൊപ്പം സഹകരണ ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട് രൂപം കൊണ്ട അഡ്മിനി സ്ട്രേറ്റർമാർക്ക് പുതിയതായി വോട്ടർമാരെ ചേർക്കുന്നതിനുള്ള അവകാശം കൊടുക്കുന്നത് ഒരു ഭാഗത്ത്, മറ്റൊരു ഭാഗത്ത് അപ്പെക്സ് ബോഡിയിലേക്ക് വോട്ട് ചെയ്യുന്നതിനുള്ള അധികാരം അഡ്മിനിസ്ട്രേറ്റർമാരുടെ ഡെലിഗേറ്റ്സിന് കൊടുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നത്.

മി. സ്പീക്കർ: ഇത് മൂവ് ചെയ്താൽ മതി. അത്രയേയുള്ളൂ. ഇതിന്റെ പ്രീസിഡന്റ്സ് എല്ലാം അങ്ങനെയാണ്.

ശ്രീ. എ. കെ. ബാലൻ: പക്ഷേ ഇത് നിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിയമസഭയോടും കോടതി വിധികളോടുമുള്ള ഒരു വെല്ലുവിളി ഇവിടെ നടന്നു. ഒരു പരിതഃസ്ഥിതിയിലും ആക്ടിന് വിരുദ്ധമായി കോടതി വിധിക്ക് എതിരായി ഒരു ചട്ടം കൊണ്ടുവരാൻ പാടില്ല.

മി. സ്പീക്കർ: എന്ന് എവിടെ പറഞ്ഞിരിക്കുന്നു? കോടതി വിധിക്ക് എതിരായിട്ടും ചട്ടം കൊണ്ടുവരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: നിയമം കൊണ്ടു വരാം. നിയമത്തിന് ഭേദഗതി കൊണ്ടു വരാം. നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് കൺസിസ്റ്റ് ചെയ്തിരിക്കുന്നതാണ് റൂൾ. റൂൾ എന്ന് പറയുന്നത് ആക്ടിന്റെ ഇന്റൻഷനെ മറികടക്കാൻ പാടില്ല. ആ ആക്ട് ഇന്റർപ്രെട്ട് ചെയ്ത് ഹൈക്കോടതി ആയാലും സുപ്രീം കോടതി ആയാലും ആ കോടതി വിധികളേയും ലംഘിക്കാൻ പാടില്ല. Rule must be consist with the Act. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം സൂചിപ്പിക്കാം.

മി. സ്പീക്കർ: No, No. I can't give you more time. ഞാൻ ഇത് പ്രീസിഡന്റ് സിന് എല്ലാം വിപരീതമായി ശ്രീ. ബാലനെ സംസാരിക്കാൻ അനുവദിച്ചതാണ്.

ശ്രീ. എ. കെ. ബാലൻ: ഈ ഭേദഗതി മൂവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, അത് എന്താണെന്ന് പറയാനുള്ള അവകാശമില്ലേ? റൂൾ 35 (എ)-ക്കും റൂൾ 48 (എ)-ക്കും ആണ് ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളത്. ആ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടർമാരെ ചേർക്കുന്നതിനും അഡ്മിനിസ്ട്രേറ്റർമാരുടെ പ്രതിനിധികൾക്ക് അപ്പെക്സ് സൊസൈറ്റിയിൽ വോട്ടവകാശം ലഭ്യമാക്കുന്നതിനും വേണ്ടിയിട്ടാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നത്. ആ ഭേദഗതി ആക്ടിന്റെ ഇന്റൻഷന് എതിരാണ്, കോടതി വിധിക്ക് എതിരാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ 1998-ലും 1999-ലും വന്നു. കേസുമായി ബന്ധപ്പെട്ടുകൊണ്ട് Hassan Vs. Joint Registrar of Co-operative Societies ജസ്റ്റീസ് കെ. കെ. ഉഷ, ജസ്റ്റീസ് എൻ. നാരായണക്കുറുപ്പ് എന്നിവരുടെ വിധി വളരെ വ്യക്തമായി. The power given to the administrator to exercise all or any of the functions of the committee under sub-section 2 of section 33 would not take in the power to enrol new members. പുതിയ മെമ്പേഴ്സിനെ ചേർക്കാൻ ഒരു പരിതഃസ്ഥിതിയിലും പാടില്ല. അതാണ് ഈ ജഡ്ജുമെന്റ്. ഇതിന് സമാനമായിട്ട് 1999-ൽ ഇതേ രൂപത്തിൽ തന്നെയുള്ള ഒരു കേസ് വീണ്ടും കോടതിയിൽ വന്നു.

മി. സ്പീക്കർ: ശ്രീ. ബാലാ, ഇതിലൊന്നും ഒരു കാര്യവുമില്ല. ഈ ജഡ്ജ്മെന്റ് എന്നുപറയുന്നത് നിലവിലുള്ള നിയമത്തെ ഇന്റർപ്രെറ്റ് ചെയ്തുകൊണ്ടുള്ള ജഡ്ജ്മെന്റാണ്. അപ്പോൾ അതിനെ മറികടക്കണം എന്നുണ്ടെങ്കിൽ വേറെ നിയമം കൊണ്ടുവരണം. അതാണ് ലോകമെമ്പാടും ചെയ്തുകൊണ്ടിരിക്കുന്ന നടപടി.

ശ്രീ. എ. കെ. ബാലൻ: ഇവിടെ റൂൾ ചെയ്തുകൊണ്ട് നിയമത്തെ മറികടക്കുന്നു, കോടതിവിധികളെ മറികടക്കുന്നു. ഇതേ രൂപത്തിൽ തന്നെ പറഞ്ഞത് പരിപൂർണ്ണമായും കറക്ടാണ്. ഞാൻ റൂൾ ചെയ്തുകൊണ്ട് ആക്ടിനെ മറികടക്കാൻ പറ്റില്ല എന്നാണ് പറയുന്നത്. ഇതിന് സമാനമായിട്ടുള്ള ഒരു കേസ് വന്ന സമയത്ത് ഇതേ കോടതിയിൽ തന്നെ .....

മി. സ്പീക്കർ: ഇനി മേലാൽ ഇത് അനുവദിക്കില്ല, അങ്ങനെയാണെങ്കിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: എന്നാൽ പിന്നെ റൂൾ മാറ്റണം. ഇത് The power of administrator to enrol members—Decision Report in 1982. The administrator has no power എന്ന് വ്യക്തമാക്കി. ഈ പ്രശ്നം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്നു. അവിടെയാണ് എന്റെ പോയിന്റ്. പാലക്കാട് ജില്ലാ ബാങ്കിലേക്ക് നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സമിതിയെ മറിച്ചിട്ട് അഡ്മിനിസ്ട്രേറ്റർ വന്നു. ആ അഡ്മിനിസ്ട്രേറ്റർ ഭരണം നിയമവിരുദ്ധമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ പറയുകയും 44 (എ) ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്ന ഭേദഗതി നിയമവിരുദ്ധമാണെന്ന് പറയുകയും ചെയ്തു. ഒ. പി. 1049, ഒ. പി. 1050, ഒ. പി. 1051, ഒ. പി. 1053 ഇത് നിയമവിരുദ്ധമാണെന്ന് പറയുകയും പാലക്കാട് ജില്ലാ ബാങ്കിനെ തെരഞ്ഞെടുക്കപ്പെട്ട സമിതിക്ക് തിരിച്ചു കൊടുക്കണമെന്ന് പറയുകയും ചെയ്ത സാഹചര്യത്തിൽ 44 (എ) റൂൾ അമെന്റ് ചെയ്തത് തെറ്റാണെന്ന്, illegal ആണെന്ന് പറഞ്ഞ സ്ഥിതിയിൽ 168 പ്രകാരം ഇത് മോഡിഫൈ ചെയ്ത് വീണ്ടും ഈ സഭയുടെ മുമ്പാകെ കൊണ്ടുവരണം. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ ഈ പറയുന്നത് പറഞ്ഞു കഴിഞ്ഞാലേ സാറിന് മനസ്സിലാകൂ.....

മി. സ്പീക്കർ: എനിക്ക് മനസ്സിലായി, നല്ലപോലെ മനസ്സിലായി. I am also a lawyer. I was a practicing lawyer. അതുകൊണ്ട് എനിക്ക് പെട്ടെന്ന് മനസ്സിലാകും.

ശ്രീ. എ. കെ. ബാലൻ: ഇവിടെ 2003-ൽ ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടു വന്നു. ആ ഭേദഗതിയുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് ഈ റൂളിൽ ഇപ്പോൾ കൊണ്ടുവന്ന നിയമം, ഈ റൂളിൽ ഇപ്പോൾ കൊണ്ടുവന്ന മാറ്റം ഈ ആക്റ്റിന്റെ ഭാഗമാക്കാം. ഈ ആക്ടിന്റെ ഭാഗമാക്കിയിട്ട് അമെന്റ് ചെയ്യാം. അതിനുപകരം തെരഞ്ഞെടുക്കപ്പെട്ട ജനകീയ സഭകളെ അട്ടിമറിക്കുന്നതിനുവേണ്ടി അഡ്മിനിസ്ട്രേറ്റർമാരെ കൊണ്ടുവന്ന് ഭരണം തകിടം മറിച്ച ഗവൺമെന്റിന് എതിരായി നാല് ഒ. പി. ബഹുമാനപ്പെട്ട ഹൈക്കോടതി.....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, ഒരിക്കൽ പറഞ്ഞതല്ലേ, എത്ര പ്രാവശ്യം പറയണം. പ്ലീസ്.

ശ്രീ. എ. കെ. ബാലൻ: ഈ റൂൾ അമെന്റ് ചെയ്യണം എന്നാണ് ഞാൻ പറയുന്നത്. പറയാൻ സമ്മതിക്കില്ല എങ്കിൽ എന്തു ചെയ്യാനാ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. ബാലൻ ഉന്നയിച്ച പ്രശ്നം ഈ സഭയിൽ 1960-കളിൽ ഉണ്ടായിരുന്നു. അതിനു ശേഷം സബ്ജക്ട് കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഒരിക്കലും ഇത് മൂവ് ചെയ്യുകയല്ലാതെ സംസാരിക്കാൻ സമ്മതിച്ചിട്ടില്ല. അതിനുള്ള കാരണം an Act of the Legislature confers powers to make rules on the Government or other statutory authority, all such rules shall be placed before the appropriate Subject Committee in draft form for its scrutiny; ഇതു വന്നതിനുശേഷം ഒരിക്കലും ഈ സഭയിൽ ചർച്ച അനുവദിച്ചിട്ടില്ല. ഇത് സബ്ജക്ട് കമ്മിറ്റിയിൽ വരേണ്ട കാര്യമാണ്. അതുകൊണ്ടാണ് ചർച്ച അനുവദിക്കാത്തത്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ അത് ഡിസ്പോസ് ചെയ്യാതിരിക്കുകയാണ് നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇല്ല. അത് ഡിസ്പോസ് ചെയ്യുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ബാലൻ നോട്ടീസ് തന്ന അമെന്റ് മെന്റിനെ സംബന്ധിച്ച് ഒന്നും പറഞ്ഞിട്ടില്ല. വേറെ രാഷ്ട്രീയമായിട്ട് പറഞ്ഞു പോകുകയാണ്. അതൊക്കെ പണ്ടൊക്കെ ഒറിജിനൽ ബിൽ ഒക്കെ ചർച്ച ചെയ്തു സന്ദർഭത്തിൽ വല്ലതും പറയേണ്ട കാര്യങ്ങൾ ആണെങ്കിൽ പറയാം. ഈ റൂളിനെ സംബന്ധിച്ചിടത്തോളം നിയമാനുസരണം കൊണ്ടുവന്നിരിക്കുന്ന അമെന്റ് മെന്റാണ്. ഇവിടെ കാട്ട് ചെയ്ത ജഡ്ജ്മെന്റൊന്നും ഈ സന്ദർഭത്തിൽ പ്രസക്തമല്ല. നിയമാനുസരണമായിട്ട് കൊണ്ടുവന്നിരിക്കുന്ന റൂളാണ്. ഒബ്ജക്ഷൻ നിലനിൽക്കത്തക്കതല്ല.

മി. സ്പീക്കർ: Shri Balan do you press your amendment?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—31

1. Shri Manjalamkuzhi Ali
2. ,, A. A. Azees
3. ,, Kodiyeri Balakrishnan
4. ,, A. K. Balan
5. ,, T. K. Balan
6. ,, Binoy Viswam
7. ,, V. K. Chandran
8. ,, V. Chenthamarakshan
9. ,, T. K. Devakumar
10. Smt. Girija Surendran
11. Shri K. K. Jayachandran
12. ,, M. V. Jayarajan
13. ,, P. Jayarajan
14. ,, V. C. Kabeer
15. ,, K. V. Kunhiraman
16. ,, V. K. C. Mammed Koya
17. ,, Mathai Chacko

LIBRARY ARCHIVES Kerala Legislative Assembly

18. Shri K. P. Mohanan
19. ,, Pirappancode Murali
20. ,, C. K. Nanu
21. ,, P. Narayanan
22. ,, K. Radhakrishnan
23. ,, Mankodu Radhakrishnan
24. ,, N. Rajan
25. ,, K. P. Rajendran
26. ,, Raju Abraham
27. ,, T. P. Ramakrishnan
28. ,, Saju Paul
29. ,, A. C. Shanmugha Das
30. ,, P. S. Supal
31. Dr. Thomas Issac

പ്രതികൂലിക്കുന്നവർ—74

1. Shri Kalathil Abdulla
2. ,, P. K. Abdu Rabb
3. ,, A. P. Anil Kumar
4. ,, A. K. Antony
5. ,, N. D. Appachan
6. ,, E. M. Augusthy
7. ,, K. Babu
8. ,, Babu Divakaran
9. ,, V. Balaram
10. ,, P. K. K. Bava
11. ,, T. V. Chandramohan
12. ,, K. A. Chandran
13. ,, M. A. Chandrasekharan
14. ,, Dominic Presentation
15. ,, M. P. Gangadharan
16. ,, P. P. George
17. Smt. K. R. Gouri Amma

LIBRARY ARCHIVES Kerala Legislative Assembly

18. Shri M. M. Hassan
19. ,, V. K. Ebrahim Kunju
20. ,, T. M. Jacob
21. ,, Johny Nelloor
22. ,, K. C. Joseph
23. ,, P. J. Joy
24. ,, P. K. Kunhalikutty
25. Dr. M. A. Kuttappan
26. Shri K. Kutty Ahammed Kutty
27. ,, Ludy Luiz
28. ,, C. Mammutty
29. ,, K. M. Mani
30. ,, K. Mohammed Ali
31. ,, E. T. Mohammed Basheer
32. ,, K. Mohankumar
33. ,, A. K. Moni
34. ,, C. Moyinkutty
35. ,, Aryadan Muhammed
36. ,, C. P. Mohammed
37. ,, M. K. Muneer
38. Prof. A. D. Musthaffa
39. Shri K. Narayana Kurup
40. ,, Oommen Chandy
41. ,, M. K. Paulson Master
42. ,, V. J. Poulose
43. ,, T. N. Prathapan
44. ,, G. Prathapa Varma Thampan
45. ,, Thiruvanchoor Radhakrishnan
46. ,, T. U. Radhakrishnan
47. Smt. Radha Raghavan
48. Shri M. V. Raghavan
49. ,, A. N. Rajan Babu
50. ,, K. K. Ramachandran Master

LIBRARY ARCHIVES Kerala Legislative Assembly

51. Shri Therambil Ramakrishnan
52. ,, U. C. Raman
53. ,, Thampanoor Ravi
54. ,, T. P. M. Sahir
55. ,, N. Sakthan
56. ,, P. Sankaran
57. ,, K. Sankaranarayanan
58. Smt. Malethu Sarala Devi
59. Shri V. D. Satheesan
60. Prof. Savithri Lekshmanan
61. Shri. K. K. Shaju
62. ,, Shibu Baby John
63. ,, Kadavoor Sivadasan
64. Smt. Sobhana George
65. Shri D. Sugathan
66. ,, A. Sujanapal
67. ,, N. Sundaran Nadar
68. ,, C. F. Thomas
69. Prof. K. V. Thomas
70. Shri P. T. Thomas
71. ,, Thomas Chazhikadan
72. ,, Thomas Unniyadan
73. ,, Umesh Challiyil
74. ,, K. P. Viswanathan

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—31

പ്രതികൂലിക്കുന്നവർ—74

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly